"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - 2025-26 വാർഷിക പദ്ധതി - എറണാകുളം ജില്ലയിലെ കടവന്ത്രയിൽ നടപ്പിലാക്കുന്ന 'SHE HOSTEL' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 5 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ.)വകുപ്പ്**

സ.ഉ.(സാധാ) നം.1723/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:- 1. 26.08.2023-ലെ സ .ഉ (സാധാ )നം 1748/2023/തസ്വഭവ.

2. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 12.05.2025-ലെ 7421/PL1/13/GCDA നമ്പർ കത്ത്.

3. 28/05/2025-ൽ ചേർന്ന തദ്ദേശസ്വയംഭരണ വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കടവന്ത്രയിൽ 'SHE HOSTEL' എന്ന പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ രൂപരേഖ വിശാല കൊച്ചി വികസന അതോറിറ്റി സമർപ്പിക്കുകയും പരാമർശം (1) പ്രകാരം ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 3 കോടി രൂപ അനുവദിച്ച് അംഗീകാരം നൽകുകയും ചെയ്തിരുന്നു. ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയും., തുടർന്ന് ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അംഗീകാരം നൽകാൻ പരാമർശം (3) പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റി 'SHE HOSTEL' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 5 കോടി രൂപയ്ക്ക് 2217-05-191-35 ശീർഷകത്തിൽ നിന്ന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ, ജി&എസ്.എസ്.എ.), കേരളം, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം., തിരുവനന്തപുരം
ധനകാര്യ (ഡബ്ല്യൂ.സി.ഡി.) വകുപ്പ്
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (File No.IA3/95/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 11-07-2025 16:00:41

സെക്ഷൻ ഓഫീസർ